പതിനാലാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.1552 14.07.2016 - ലെ മറുപടിക്ക്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. മഞ്ഞളാംകുഴി അലി | ഡോ. ടി.എം. തോമസ് ഐസക്<br>ബഹു. ധനകാര്യവും കയറും വകുപ്പ് മന്ത്രി |

**സംസ്ഥാന സർക്കാർ ബാങ്ക് ആരംഭിക്കുന്നത് സംബന്ധിച്ച്**

| | | |
|---|---|---|
| എ | സ്വന്തമായി ബാങ്ക് ആരംഭിക്കുന്ന കാര്യം സംസ്ഥാന സർക്കാരിന്റെ പരിഗണനയിലുണ്ടോ; | സംസ്ഥാനത്തെ സഹകരണ ബാങ്കുകളെ നിലവിലുള്ള ത്രിതല ഘടനയിൽ നിന്ന് ദ്വിതലഘടനയിലേയ്ക്ക് പരിവർത്തനപ്പെടുത്തി കൊണ്ട് ജില്ലാ - സംസ്ഥാന സഹകരണ ബാങ്കുകൾ സംയോജിപ്പിച്ച് ഒറ്റ ബാങ്കാക്കാൻ തീരുമാനിച്ചിട്ടുണ്ട്. കേരളത്തിലെ ഏറ്റവും കൂടുതൽ ബ്രാഞ്ചുകളുള്ള ഈ ബാങ്കിംഗ് സംവിധാനത്തിന് സംസ്ഥാനത്തിന്റെ വികസനത്തിൽ നിർണ്ണായക പങ്ക് വഹിക്കാനാകും. ഇതു സംബന്ധിച്ച് വിശദമായ പഠനം നടത്തുന്നതിനും മൂർത്തമായ നിർദ്ദേശങ്ങൾ നൽകുന്നതിനും ഒരു കമ്മിറ്റിയെ നിയോഗിക്കുന്നതാണ്. |
| ബി | പ്രസ്തുത സംരംഭത്തിന് ഏതെല്ലാം ധനകാര്യ സ്ഥാപനങ്ങളുടെ സഹകരണം ലഭിക്കുമെന്നാണ് സർക്കാർ പ്രതീക്ഷിക്കുന്നത്; | |
| സി | ഇത്തരം ഒരു സംരംഭം സംസ്ഥാനത്തെ സഹകരണ ബാങ്കിംഗ് മേഖലയിൽ ഉണ്ടാക്കാനിടയുള്ള മാറ്റങ്ങളെക്കുറിച്ച് സർക്കാർ വേണ്ടത്ര പഠനങ്ങൾ നടത്തിയിട്ടുണ്ടോ; എങ്കിൽ ഈ മേഖലയെ ഇത് ഏത് രീതിയിൽ ബാധിക്കുമെന്നാണ് സർക്കാർ കരുതുന്നതെന്ന് വ്യക്തമാക്കാമോ; | |
| ഡി | പ്രസ്തുത ബാങ്കിന്റെ പ്രവർത്തനത്തിൽ സംസ്ഥാന സർക്കാരിന്റെ പൂർണ നിയന്ത്രണമാണോ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ? | |

സെക്ഷൻ ഓഫീസർ